ഉത്തരം

(എ) 33.

(ബി)	ഗവൺമെന്റ് ബധിര-മൂക സ്കൂൾ	.. 3
	എയിഡഡ് ബധിര-മൂക സ്കൂൾ	.. 17
	സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നത്	.. 13

(സി) ബോർഡിംഗ് ഗ്രാന്റ്, ഡ്രസ്സ് അലവൻസ്, സ്കൂൾ റിക്വിസിറ്റ് അലവൻസ്, ട്രാവലിംഗ് അലവൻസ് എന്നിവ നൽകുന്നുണ്ട്.

(ഡി) 1,50,000 രൂപ വരെ വാർഷിക വരുമാനമുള്ള രക്ഷാകർത്താക്കളുടെ മക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

(ഇ) ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ് ഉൾപ്പെടുന്ന മെഡിക്കൽ ബോർഡിൽ നിന്നും ഹാജരാക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബധിര-മൂക വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷയിൽ അവർ നേടുന്ന മാർക്കിന്റെ 20 ശതമാനം അധികമായി ലഭിക്കുന്നുണ്ട്.

(എഫ് ആന്റ് ജി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ പരീക്ഷാ സംബന്ധമായ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി ഇല്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഉത്തരം (സി)-യിൽ പരാമർശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വരുമാനപരിധി പ്രതിവർഷം ഒന്നര ലക്ഷം രൂപയാണ്.

(എച്ച് ആന്റ് ഐ) ബഡ്ജറ്റ് അലോട്ട്മെന്റിന്റെ അപര്യാപ്തത മൂലം ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകാൻ സാധിച്ചിട്ടില്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയും നിയമനങ്ങളും

351 [2410] ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയുടെ നടത്തിപ്പിനായി നിയമനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നോ; എങ്കിൽ വിശദമാക്കാമോ;

(ബി) പാഠപുസ്തകങ്ങളുടെ സി.ഡി. വിൽപ്പന വഴി എന്തു തുക ലഭിച്ചു; എത്ര രൂപ ചെലവായി;

(സി) ഒൻപതാം ക്ലാസ്സിൽ കമ്പ്യൂട്ടർ പരീക്ഷ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എസ്.എസ്.എൽ.സി.-ക്ക് ഐ.ടി. പരീക്ഷ നടത്തുന്നതിന് എന്തു സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പരീക്ഷാ മൂല്യനിർണ്ണയ രേഖയുടെ അടിസ്ഥാനത്തിലാണോ നടത്താൻ ഉദ്ദേശിക്കുന്നത്;

(ഇ) മൾട്ടി മീഡിയ കമ്പ്യൂട്ടർ ലാബുകളുള്ള എത്ര സ്കൂളുകൾ ഉണ്ട്;

(എഫ്) കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകർക്ക് എത്ര ദിവസത്തെ കമ്പ്യൂട്ടർ പരിശീലനമാണ് നൽകിയത്; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഐ.ടി. പ്രൊഫഷണലുകളെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഐ.ടി. അറ്റ് സ്കൂൾ പ്രോജക്റ്റിനായി സ്കൂളുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ സംസ്ഥാന പ്രോജക്റ്റ് ഓഫീസിലും ഡി.ഇ.ഒ. ഓഫീസിലും നിയമിച്ചിട്ടുള്ള 200 മാസ്റ്റർ ട്രെയിനർമാരുണ്ട്. ഇവർക്കു പകരം അതതു സ്കൂളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അപ്രകാരം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്ത സ്കൂളുകളിൽ ഗസ്റ്റ് ടീച്ചർമാരെ നിയമിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക നിയമനവും നടത്താറുണ്ട്.

(ബി) ലഭിച്ച തുക .. 2,31,100 രൂപ

ചെലവ് .. 88,800 ,,

(സി) പരീക്ഷ നടത്തിയത് അതാത് സ്കൂളുകളാണ്. പരീക്ഷ നടത്തുന്നതിനാവശ്യമായ സോഫ്റ്റ്വെയർ സോഫ്റ്റ് എക്സാം 1 ടീം-ഇ. ബിസ് എറണാകുളം എന്ന ഏജൻസിയുടെ സഹായത്തോടെ ഐ.ടി. അറ്റ് സ്കൂൾ പ്രോജക്റ്റ് നിർമ്മിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പരീക്ഷ നടത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. മൂല്യനിർണ്ണയരേഖയുടെ അടിസ്ഥാനത്തിലാണ് പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) മൾട്ടി മീഡിയ കമ്പ്യൂട്ടർ ലാബുകൾ വ്യാപകമായി നിർമ്മിക്കാനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടില്ല.

(എഫ്) ഐ.ടി. പരിശീലന പരിപാടി താഴെ പറയുംവിധമാണ് നൽകുന്നത്:

സ്കൂൾ ഐ.ടി. കോർഡിനേറ്റർ പരിശീലനം	..	10 ദിവസം
അടിസ്ഥാന ഐ.ടി. പരിശീലനം	..	9 ,,
പത്താം ക്ലാസ്സ് അദ്ധ്യാപകർക്ക് കരിക്കുലം പരിശീലനം	..	5 ,,

ഇത് പര്യാപ്തമാണെന്ന് കരുതുന്നില്ല. ഘട്ടംഘട്ടമായി അവർക്ക് മതിയായ പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly